**(കഥ )**

എൻ്റെ പേരാണ് ചിരുത കാക്ക. എനിക്കൊരു സുഹൃത്തുണ്ട്, സുന്ദരൻ ചേട്ടൻ. അദ്ദേഹം സർക്കാർ ആശുപത്രിയിലെ തൂപ്പുകാരനാണ്. ഞങ്ങൾ രണ്ടു പേരും എന്നും കുന്നിൻ മുകളിലെ പാറപ്പുറത്ത് വന്നിരിക്കും. പതിവുപോലെ സുന്ദരൻ ചേട്ടൻ പാട്ടു പാടി വരുന്നുണ്ട്, ഞാൻ സുന്ദരൻ ചേട്ടനെ ഹസ്തദാനം ചെയ്തു സ്വീകരിച്ചു.

സുഖമല്ലെ സുന്ദരൻ ചേട്ടാ? ഞാൻ ചോദിച്ചു .

സുഖമാണ് ചിരുത കാക്കേ നിനക്ക് സുഖമല്ലേ? സുന്ദരൻ ചേട്ടൻ്റെ മറുപടി ചോദ്യം. സുഖമാണ് എന്ന് ഞാനും

നമ്മെ വെറുപ്പോടെയും അറപ്പോടെയും കാണുന്നവർ ഒരിക്കൽ നമ്മളെ അംഗീകരിക്കും തീർച്ച.

അവർ പരസ്പരം സങ്കടങ്ങളും ദുരിതങ്ങളും പറഞ്ഞ് കാലങ്ങൾ കഴിച്ചു.

ഒരിക്കൽ സുന്ദരൻ ചേട്ടൻ സന്തോഷത്തോടെ വന്ന് പറഞ്ഞു

ചിരുത കാക്കേ! നിൻ്റെ പടം ആശുപത്രികളിലും, പൊതുസ്ഥലങ്ങളിലും ഒട്ടിച്ചു വച്ചിരിക്കുന്നു, കൂടെ ഒരു ചൂലുമുണ്ട് ശുചിത്വ മിഷൻ്റെ ചിഹ്നമാണ്.

ചിരുത കാക്കയ്ക്ക് വളരെ സന്തോഷമായി !!!

ഒരു ദിവസം ചിരുത കാക്ക ഓടി വന്ന് പറഞ്ഞു, സുന്ദരൻ ചേട്ടാ ......... ഒരു മഹാവ്യാധി പടരുന്നു;ചേട്ടൻ ശ്രദ്ധിക്കണം. മഹാവ്യാധി പടർന്ന് കുറേ പേർ മരിച്ചു.

കുറച്ചുനാളുകൾക്ക് ശേഷം അവർ രണ്ട് പേരും പാറപ്പുറത്ത് ഒത്ത് ചേർന്നു

സുന്ദരൻ ചേട്ടൻ പറഞ്ഞു,

ചിരുത കാക്കേ നമ്മൾ ആത്മ സുഹൃത്തുക്കളാണെങ്കിലും നമുക്ക് അകലം പാലിക്കാം ഹസ്തദാനം വേണ്ട, ബഹുമാനപൂർവ്വം ഒരു കൈകൂപ്പൽ മതി. ഒരിക്കൽ സർക്കാർ ആശുപത്രിയേയും ജീവനക്കാരേയും പുഛരിച്ചു തള്ളിയവർ, ഇന്ന് അവരെ ദൈവത്തേപ്പോലെയാണ് കാണുന്നത്.ദു:ഖത്തിനിടയിൽ അല്പം സന്തോഷം തരുന്നുണ്ടെങ്കിലും നമുക്കൊരുമിച്ച് പൊരുതാം, ചൂലെടുത്തു കൊണ്ട് പരിസര ശുചിത്വത്തിലൂടെ

**Sajaylal Sreeraj**

**4th Std**